പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 678 28.02. 2017 ൽ മറുപടിക്ക്

ടെക്നിക്കൽ അറിവ് ഇല്ലാത്ത ജീവനക്കാർ

ചോദ്യം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഉത്തരം

ശ്രീ. എം. എം. മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡിൽ ടെക്നിക്കൽ അറിവ് ഇല്ലാത്ത ജീവനക്കാരെ തരം താഴ്ത്തിയ നടപടി ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഇല്ല. |
| (ബി) ഡിപ്ലോമ ഉള്ള ജീവനക്കാർ സ്ഥാനക്കയറ്റത്തിന് വേണ്ടി ഐ.ടി.ഐ സർട്ടിഫിക്കറ്റ് നേടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) ഇത് സംബന്ധിച്ച് കേന്ദ്ര വൈദ്യുതി ചട്ടം നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) കേന്ദ്ര വൈദ്യുത ചട്ടം 6-ഉം 7-ഉം പ്രകാരം താപ വൈദ്യുത നിലയത്തിന്റെയും, ജലവൈദ്യുത നിലയത്തിന്റെയും അനുബന്ധ സബ് സ്റ്റേഷനുകളുടേയും പ്രവർത്തനവും പരിപാലനവും നടത്തുന്ന എഞ്ചിനീയേഴ്സ്/ സൂപ്പർവൈസർമാർക്ക് അംഗീകൃത സർവ്വകലാശാലയിൽനിന്ന് എഞ്ചിനീയറിങ്ങിൽ ബിരുദം/അംഗീകൃത ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങിൽ ഡിപ്ലോമയോ ഉണ്ടാകണം.<br>കൂടാതെ പ്രസരണ, വിതരണ വിഭാഗങ്ങളിലെ എഞ്ചിനീയർ/ സൂപ്പർവൈസർമാർക്ക് അംഗീകൃത യൂണിവേഴ്സിറ്റി/ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് എഞ്ചിനീയറിങ്ങിൽ ഇലക്ട്രിക്കൽ, മെക്കാനിക്കൽ, ഇലക്ട്രോണിക്സും ഇൻസ്ട്രുമെൻറ്റേഷനിൽ ബിരുദമോ അല്ലെങ്കിൽ ഡിപ്ലോമയോ ഉണ്ടാകണം. |
| (ഡി) ഡിഗ്രി യോഗ്യതയുള്ള ജീവനക്കാർ ഡിപ്ലോമയും ഡിപ്ലോമയുള്ള ജീവനക്കാർ ഐ.ടി.ഐ സർട്ടിഫിക്കറ്റും നേടിയത് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ? | (ഡി) ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ